Draft #11 of File AD A1/2/5285/Report.Synd./2021 Approved by ASSISTANT REGISTRAR I (ADMIN) on 30-May-2025 04:00 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - സിൻഡിക്കേറ്റ് തീരുമാനം - സർവ്വകലാശാലയിലെ സ്കൂൾ/സെന്ററുകളിലെ വകുപ്പുമേധാവി/ഡയറക്ടർമാരുടെ നിയോഗം നടപ്പിലാക്കികൊണ്ടുള്ള വൈസ് ചാൻസലറുടെ നടപടി സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്തത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4995/AD A1/2025/എം.ജി.യു                                        പ്രിയദർശിനി ഹിൽസ്,തീയതി: 30.05.2025

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 4179/ADA1/2025/എം.ജി.യു. തീയതി: 06.05.2025.

2. സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് നം. AD AI/2/5285/Report.Synd./2021 തീയതി: 09.05.2025.

3. 13.05.2025-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. ഒ.എ.33/25.04/AD A1/2/5285/Report.Synd./2021.

**ഉത്തരവ്**

സർവ്വകലാശാലയിൽ താഴെ പരാമർശിച്ചിരിക്കുന്ന സ്കൂൾ/സെന്ററുകളിലെ വകുപ്പുമേധാവി/ഡയറക്ടർമാരുടെ നിയോഗം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരം നടപ്പിലാക്കിക്കൊണ്ട് 02.05.2025 തീയതിയിൽ വൈസ് ചാൻസലർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) സർവകലാശാലാ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

1. ഡോ. നൗഷാദ് പി.പി., പ്രൊഫസർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് -നെ, SDOE വകുപ്പുമേധാവി, CDOE ഡയറക്ടർ എന്നീ ചുമതലകളിൽ നിന്ന് വിടുതൽ ചെയ്യുന്നു.
2. സ്കൂൾ ഓഫ് ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യുക്കേഷൻ (SDOE) വകുപ്പുമേധാവി, സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യുക്കേഷൻ (CDOE) ഡയറക്ടർ എന്നീ ചുമതലകൾ ഡോ. സിബു ജി. നെറ്റോ, പ്രൊഫസർ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യുക്കേഷൻ -ന് നൽകുന്നു.
3. സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യുക്കേഷൻ (CDOE) ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതല ഡോ. ഇസ്മായിൽ താമരശ്ശേരി, അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യുക്കേഷൻ -ന് നൽകുന്നു.
4. ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്-ടേം പ്രോഗ്രാംസ് (DASP) -ന്റെ ഡയറക്ടറായി ഡോ. ബീനാ മാത്യു, റിട്ടയേർഡ് പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് -നെ നിയോഗിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ മേല്പറഞ്ഞ നടപടിയും തദനുസരണം പരാമർശം (1) സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും പരാമർശം (2) പ്രകാരം സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി സമർപ്പിക്കുകയും, ആയത് പരാമർശം (3) പ്രകാരം 13.05.2025-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് എ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
3. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/ പരീക്ഷാ വിഭാഗം)
4. എസി.സി. 1 സെക്ഷൻ /എ.ഡി.സി. 4/5/ഫിനാൻസ് 1/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി. സർവകലാശാല
6. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #11 of File AD A1/2/5285/Report.Synd./2021 Approved by ASSISTANT REGISTRAR I (ADMIN) on 30-May-2025 04:00 PM - Page 2